അപേക്ഷകൾ തീർപ്പാക്കാനുള്ളതായി സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(ബി) 1999 ജൂലൈ മാസത്തിനുശേഷം കിട്ടിയ അപേക്ഷകൾ.

(സി) തീർപ്പാക്കാനുള്ള നൂറോളം അപേക്ഷകൾ 1999-ലെ പരീക്ഷയുടേതിനൊപ്പം ലഭിച്ചവയാണെന്നും അതാത് വർഷത്തെ പരീക്ഷകളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ റിസൽട്ട് പ്രസിദ്ധീകരിച്ചതിനുശേഷമുള്ള സെനറ്റ് കൂടിയാണ് അവാർഡ് ചെയ്യുന്നതെന്നും അതു കഴിഞ്ഞു മാത്രമേ ഡിഗ്രി സർട്ടിഫിക്കറ്റുകൾ എഴുതുവാനുള്ളൂ നടപടി തുടങ്ങുകയുള്ളൂ എന്നും സർവകലാശാല അറിയിച്ചിട്ടുണ്ട്.

67 (485) പ്രവേശന പരീക്ഷാ പരിഷ്കരണം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുവാൻ ശുപാർശകൾ സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ നിലവിലുള്ള പ്രവേശന പരീക്ഷാ സമ്പ്രദായത്തിനു പകരം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി രൂപീകരിക്കണമെന്ന ശുപാർശയുണ്ടോ;

(സി) എങ്കിൽ അപ്രകാരം സ്റ്റാറ്റ്യൂട്ടറി ബോഡി രൂപീകരിക്കുന്നുണ്ടോ;

(ഡി) പ്രവേശന പരീക്ഷാ സമ്പ്രദായം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4- 11-1999-ൽ ബഹു.മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചു.

(ബി) ഉണ്ട്.

(സി) പ്രസ്തുത ശുപാർശകൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനക്ക് വിട്ടിരിക്കുകയാണ്.

(ഡി) ഇക്കാര്യത്തിൽ 22.11.99-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (എം.എസ്) 153/99/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

68 (486) പ്രവേശന പരീക്ഷാ പരിഷ്കരണം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശനപരീക്ഷ പരിഷ്കരണം സംബന്ധിച്ച് ഗവണ്മെന്റ് നിയമിച്ച കമ്മിറ്റി, നിലവിലുള്ള സംവിധാനം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി മാറ്റണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly